# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2472**

14/12/2015-ൽ മറുപടിക്ക്

## ചിപ്സ് പദ്ധതി

ചോദ്യം

**ശ്രീ. ഇ.പി. ജയരാജൻ**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| എ) 2011 മെയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ ഏതെല്ലാം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചിട്ടുണ്ട്; | എ) 2011 മെയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അണുബാധമൂലം മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യിട്ടില്ല. |
| ബി) ഈ കാലയളവിൽ അണുബാധമൂലം എത്ര ഗർഭിണികൾ മരണപ്പെട്ടിട്ടുണ്ട്; | ബി) അണുബാധമൂലം ഗർഭിണികൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യിട്ടില്ല. |
| സി) ഇതേ കാലയളവിൽ അണുബാധ കാരണമായി എത്ര കുഞ്ഞുങ്ങൾ മരണപ്പെട്ടിട്ടുണ്ട്; | സി) അണുബാധ കാരണമായി കുഞ്ഞുങ്ങൾ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യിട്ടില്ല. |
| ഡി) സർക്കാർ ആശുപത്രികളിലെ അണുബാധാ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന "ചിപ്സ് പദ്ധതി " ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നത്; | ഡി), ഇ) & എഫ്) സർക്കാർ ആശുപത്രികളിലെ അണുബാധാ നിയന്ത്രണവും ശുചീകരണവും ഉറപ്പാക്കുന്നതിനായി ചിപ്സ് എന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി 05-02-2015 ലെ സ.ഉ.(ആർ.റ്റി) നമ്പർ.537/2015/ആ.കു.വ തീയതി പ്രകാരം നൽകിയിട്ടുണ്ട്. ഇതിനായി തുക 2014-15-ൽ വകയിരുത്തിയിരുന്നില്ല. |
| ഇ) പ്രസ്തുത പദ്ധതി ആരംഭിച്ചത്എപ്പോഴാണ്; | |

എഫ്) ചിപ്പ് പദ്ധതി പ്രകാരം
അണുബാധ നിയന്ത്രണത്തിനും
ശുചീകരണത്തിനുമായി നാളിതുവരെ
എന്ത് തുക ചെലവഴിച്ചിട്ടുണ്ട്?

സെക്ഷൻ ഓഫീസർ